പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 754** **08.11.2016-ൽ മറുപടിക്ക്**

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ. എൻ. ജയരാജ്** | | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ)<br><br><br><br><br><br>(ബി) | അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ പ്രവർത്തന ഘടന എപ്രകാരമാണ് ; വ്യക്തമാക്കുമോ;<br><br>പ്രസ്തുത സെല്ലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ആയവ മുൻനിർത്തി സെല്ലിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സർക്കാർ സർവ്വീസിലെ ചില വ്യാജ നിയമനങ്ങളും നിയമന തട്ടിപ്പുകളും വെളിച്ചത്തുവന്നതിനെ തുടർന്നാണ് 2001 ജനുവരി 1 മുതൽ 2010 ഡിസംബർ 31 വരെയുള്ള കാലയളവിൽ നടന്ന പി.എസ്.സി. നിയമനങ്ങൾ പരിശോധിക്കാനായി 14.12.2010-ലെ ജി.ഒ. (പി) നമ്പർ. 40/2010/ഉഭപവ പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് കീഴിൽ സ്പെഷ്യൽ സെൽ രൂപീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് 1/3/2011 ലെ സ.ഉ. (കൈ) നം. 73/11/പൊഭവ ഉത്തരവ് പ്രകാരമാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ രൂപീകരിച്ചത്. ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന ആറ് ടീം വിവിധ സർക്കാർ വകുപ്പുകളിൽ മേൽ കാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സർവ്വീസ് ബുക്ക് പരിശോധിക്കുകയും പി.എസ്.സി. ഓഫീസുകളിൽ നിന്നും ലഭ്യമായ രേഖകളുമായി ഒത്തുനോക്കി ടി നിയമനങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. നിയമനം സംബന്ധിച്ച വിശദാംശങ്ങൾക്കു പുറമേ അറ്റൻഡൻസ് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ക്യാഷ് |

| | | | |
|---|---|---|---|
| | | | ബുക്ക് തുടങ്ങിയ രജിസ്റ്ററുകൾ പരിശോധിക്കുന്നതിനും പ്രസ്തുത സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ഓഫീസുകളിൽ ആകസ്മിക പരിശോധന (sudden inspection) നടത്തുന്നതിനും ഈ വകുപ്പിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഓരോ വകുപ്പുകളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ച് വരികയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ തൃപ്തികരമായി നടത്തിവരുന്നു. എല്ലാ മാസവും ആദ്യവാരം അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലും മൂന്നു മാസം കൂടുമ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയുടെ മേൽനോട്ടത്തിലും സെല്ലിന്റെ അവലോകന യോഗം കൂടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. |
| (സി) | ഈ സെല്ലിന്റെ പ്രവർത്തനത്തിന് പ്രതിവർഷം ചെലവഴിക്കുന്ന തുകയെത്രയാണെന്ന് വെളിപ്പെടുത്തുമോ; | (സി) | ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ ഭാഗമായാണ് അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പ്രവർത്തിക്കുന്നത്. സെല്ലിന്റെ പ്രവർത്തനത്തിനായി പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടില്ല. |
| (ഡി) | ഈ സെല്ലിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

Pradeep

**സെക്ഷൻ ആഫീസർ**

**അനുബന്ധം 1**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ**

| പേര് | തസ്തിക |
|---|---|
| ശ്രീ. സത്യജിത് രാജൻ | പ്രിൻസിപ്പൽ സെക്രട്ടറി |
| ശ്രീ. വി.എ. മോഹൻലാൽ | അഡീഷണൽ സെക്രട്ടറി |
| ശ്രീ. രജനീകാന്ത് ബലിഗ | ജോയിന്റ് സെക്രട്ടറി |
| ശ്രീ. പ്രദീപ്കുമാർ. സി.വി. | അണ്ടർ സെക്രട്ടറി |
| ശ്രീ. വി. സെൻ | ,, |
| ശ്രീ. സുകുമാരൻ. എൻ | ,, |
| ശ്രീ. പ്രദീപ്. ആർ. | സെക്ഷൻ ഓഫീസർ |
| ശ്രീ. സുരേഷ് കുമാർ. എസ്. | ,, |
| ശ്രീ. ശ്യാം. വി. | ,, |
| ശ്രീ. ബിനു. സി. | ,, |
| ശ്രീ. ആന്റോ. എം. | ,, |
| ശ്രീ. പ്രദീപ് കുമാർ. റ്റി. | ,, |
| ശ്രീ. ഗണേശൻ. കെ.എസ്. | അസിസ്റ്റന്റ് |
| ശ്രീ. ഉണ്ണികൃഷ്ണപിള്ള. ജി. | ,, |
| ശ്രീ. ഗിരീഷ് കുമാർ. ജി.എൻ. | ,, |
| ശ്രീ. ബിജീഷ്.ബി.ഗോപൻ | ,, |
| ശ്രീ. എം. രതീഷ് | ,, |
| ശ്രീ. ശിവലാൽ. ആർ.വി. | ,, |
| ശ്രീ. ശ്യാംദീപ്. പി.എസ്. | ,, |
| ശ്രീ. വിനു.വി.ഗോപാൽ | ,, |

| | |
|---|---|
| ശ്രീ. സുമോദ്. പി.റ്റി. | ,, |
| ശ്രീ. വാസുദേവ്. വി.എസ്. | ,, |
| ശ്രീ. സിനി ജോർജ്ജ് | ,, |
| ശ്രീ. ഉമേഷ്. ബി. | ,, |
| ശ്രീ. സഫറുള്ള. എസ്. | ,, |
| ശ്രീ. സജിത്ത്. റ്റി. | ,, |
| ശ്രീ. സതീഷ് കുമാർ. ബി. | ,, |
| ശ്രീ. പ്രശാന്ത്. ജി.എസ്. | ,, |
| ശ്രീ. അജിത്കുമാർ. എസ്. | കമ്പ്യൂട്ടർ അസിസ്റ്റന്റ് |
| ശ്രീ. ബിനു. എസ്. | ,, |
| ശ്രീ.ഹരികുമാർ. ആർ.സി. | ,, |
| ശ്രീമതി. സിന്ധുമോൾ. വി.യു. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് |
| ശ്രീ. പ്രദീപ്. പി. | ഓഫീസ് അറ്റൻഡന്റ് |
| ശ്രീ. വേണുഗോപാലൻ നായർ. ജി. | ,, |
| ശ്രീമതി. ബിന്ദു. പി.എസ്. | ,, |
| ശ്രീ. പ്രേമാനന്ദ് തെക്കുംകര | ,, |
| ശ്രീ. അജയകുമാർ. ജി. | ,, |
| ശ്രീ. കാർത്തികേയൻ | ,, |

സെക്ഷൻ ഓഫീസർ